പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1895 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. പിരിച്ചുവിട്ട സ്ഥിരം ജീവനക്കാർ

ചോദ്യം ഉത്തരം

ശ്രീ. ഷാഫി പറമ്പിൽ ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സിയിൽ ഏതെങ്കിലും സ്ഥിരജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരെ പിരിച്ചുവിട്ടു; വിശദമാക്കാമോ; | (എ) | സ്ഥിര നിയമനം നൽകിയ 141 ജീവനക്കാരെ ഈ സർക്കാർ നിലവിൽ വന്ന ശേഷം പിരിച്ചു വിട്ടിട്ടുണ്ട്. ഡ്രൈവർ - 55, കണ്ടക്ടർ - 72, മെക്കാനിക്ക് - 14 കൂടാതെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് കൊണ്ട് പുനഃപ്രവേശനത്തിനു വേണ്ടി നോട്ടീസ് നൽകിയിട്ടും ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താഴെപ്പറയും വിധത്തിൽ 342 ജീവനക്കാരെ കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും പിരിച്ചു വിട്ടിട്ടുണ്ട്.<br>ഡ്രൈവർ - 157, കണ്ടക്ടർ - 163<br>മെക്കാനിക്ക് - 14, ഗ്യാരേജ് മസ്ദൂർ - 02<br>പെയിന്റർ - 01, ബ്ലാക്സ്മിത്ത് - 01<br>പമ്പ് ഓപ്പറേറ്റർ - 01, ചാർജ്ജ്മാൻ - 01<br>ടയർ റിട്രീഡർ - 01, പ്യൂൺ - 01 |
| (ബി) | സ്ഥിരനിയമനം ലഭിച്ചവരെ പിരിച്ചു വിടുവാനുള്ള കാരണമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ബി) | സർക്കാർ ഉത്തരവ് GO (MS) No. 78/2011/Trans dtd.22.12.2011 പ്രകാരം കെ.എസ്.ആർ.ടി.സിയിൽ 22.12.2011-ൽ 10 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി നൽകാൻ ഉത്തരവായിരുന്നു. ടി സ്ഥിരപ്പെടുത്തലിന് യോഗ്യതയായി 10 വർഷം താൽക്കാലിക |

| | | | |
|---|---|---|---|
| | | | സർവ്വീസും ടി 10 വർഷത്തിൽ പ്രതിവർഷം 120 ഡ്യൂട്ടിയും സർക്കാർ ഉത്തരവിന്റെ തീയതിയിൽ (22.12.11) ആക്ടീവ് സേവനം ഉണ്ടായിരിക്കുകയും വേണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 10 വർഷം താൽക്കാലിക സർവ്വീസ് ഉണ്ടെങ്കിലും പ്രതി വർഷം 120 ഡ്യൂട്ടിയില്ലാത്ത താൽക്കാലിക ജീവനക്കാർ, സ്ഥിരപ്പെടുത്തൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി 10 വർഷം മാത്രം കണക്കാക്കി സ്ഥിരപ്പെടുത്തി ഉത്തരവ് നൽകാൻ ഉത്തരവായ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബഹു.ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ടി അപ്പീൽ ബഹു. ഹൈക്കോടതിയിൽ തള്ളിയതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി. സുപ്രീം കോടതിയിൽ അപ്പീൽ നൽകുകയും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുകൂലമായി ബഹു: സുപ്രീംകോടതി (SLP(C) No.18803-18806/2014 തീയതി 24.03.2017) ഉത്തരവ് നൽകുകയും ചെയ്തു. സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 120 ഡ്യൂട്ടിയില്ലാത്തവരും സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ തീയതിയായ 22.12.11-ൽ കോർപ്പറേഷന്റെ റോളിൽ ഇല്ലാത്തവരുമായ ജീവനക്കാരുടെ നിയമനമാണ് അസാധുവാക്കിയത്.<br><br>അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് കൊണ്ട് പുനഃപ്രവേശനത്തിന് വേണ്ടി നോട്ടീസ് നൽകിയിട്ടും ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാലാണ് 342 ജീവനക്കാരെ കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും പിരിച്ച് വിട്ടത്. |

**സെക്ഷൻ ഓഫീസർ**